# നീര രക്ഷയാവുമെന്ന് സിമ്പോസിയം

കൊച്ചി: തകർച്ചയിലേക്ക് കൂപ്പു കുത്തുന്ന കേരകർഷകർക്ക് താങ്ങാവാൻ നീര ഉൽപ്പാദനത്തിലൂടെ കഴിയുമെന്ന് സിമ്പോസിയം. വിദേശരാജ്യങ്ങളിൽ കോക്കനട്ട് വൈൻ എന്ന് വിളിക്കുന്ന നീരയുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതോടെ കേരകർഷകർക്ക് പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാനാവുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. 'നീര ഉൽപ്പാദനത്തിന്റെ സാധ്യതകൾ' എന്ന വിഷയത്തിൽ എറണാകുളം രാമവർമ ക്ലബിൽ നടത്തിയ സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നീര ഉൽപ്പാദിപ്പിക്കുന്നതിന് തടസ്സമായിനിൽക്കുന്നത് അബ്കാരി നിയമമാണ്. നീരയെന്നത് മദ്യ ഉൽപ്പന്നമല്ലെന്നും അത്തരം തെറ്റിദ്ധാരണകൾ ജനങ്ങൾക്കിടയിൽ നിന്ന് മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.

നീരയിൽനിന്ന് തെങ്ങിൻചക്കര, പാംഹണി, പാംഷുഗർ, സിറപ്പ് എന്നിവ ഉൽപ്പാദിപ്പിക്കാം. സിമ്പോസിയത്തിൽ ഡോ. വി.കെ. രാജു, ദീപ്തി നായർ എസ്.കെ.എസ്. സെബാസ്റ്റ്യൻ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ലാൽ കൽപ്പകവാടി, ഗോപി കോട്ടമുറിക്കൽ, അഡ്വ. പി.കെ. ചിത്രഭാനു, കെ. കൃഷ്ണൻകുട്ടി, മുഹമ്മദ്കോയ, സാബു ജോസഫ്, സിബി മോനിപ്പള്ളി എന്നിവർ പങ്കെടുത്തു.